ഉത്തരം

(എ) ഉണ്ടാകാറുണ്ട്. പ്രതിദിന ഉൽപ്പാദന വർദ്ധനവ് ഉണ്ടായാൽ ശമ്പളം കാലതാമസം കൂടാതെ വിതരണംചെയ്യാൻ സാധിക്കും. പ്രതിദിന ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇതു സംബന്ധിച്ച അപേക്ഷയൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ കുടിശ്ശിക നൽകുന്നതാണ്.

സിഡ്കൽ ടെലിവിഷൻ കമ്പനി

157 (1423) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിലെ സിഡ്കൽ ടെലിവിഷൻ കമ്പനി കെൽട്രോണിൽ ലയിപ്പിക്കാൻ തീരുമാനമുണ്ടായിരുന്നോ ;

(ബി) ഈ തീരുമാനം നടപ്പിൽ വരുത്താൻ കാലതാമസം എന്താണ് ;

(സി) ലയനം ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

കാഷ്യൂ കോർപ്പറേഷന്റെ പ്രവർത്തനം

158 (1424) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷം കാഷ്യൂ കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ എത്ര ദിവസം ജോലിനൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ ഫാക്ടറികളുടെ പ്രവർത്തനം ലാഭകരമായിരുന്നോ ; ആണെങ്കിൽ ലാഭം എത്ര ; നഷ്ടം എത്ര ;

(സി) ഈ കാലയളവിൽ ഫാക്ടറി പ്രവർത്തനത്തിനു വേണ്ടി സംസ്ഥാനത്തുനിന്നു എത്ര കശുവണ്ടി സംഭരിച്ചുവെന്നും ശരാശരി എന്തു വിലയ്ക്കാണ് സംഭരിച്ചതെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ കാലയളവിൽ വിദേശത്തുനിന്നും എത്ര കശുവണ്ടി ഇറക്കുമതി ചെയ്തുവെന്നും ഏതെല്ലാം രാജ്യങ്ങളിൽനിന്നും എന്ത് വിലയ്ക്കാണ് ഇറക്കുമതി ചെയ്തതെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇറക്കുമതി ചെയ്ത കശുവണ്ടി ഫാക്ടറി സൈറ്റിലെത്തിയപ്പോൾ ഇംപോർട്ട് ഡ്യൂട്ടി, ഫ്ളൈറ്റ് ചാർജ്, ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ അടക്കം എത്ര രൂപ ചെലവായി ;

(എഫ്) 1999-2000 വർഷത്തിൽ സംസ്ഥാനത്തെ മൊത്തം കശുവണ്ടി ഉല്പാദനം എത്ര ടണ്ണായിരിന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ കാലയളവിൽ സംസ്ഥാനത്തിനുള്ളിൽ നിന്നും എത്ര ടൺ തോട്ടണ്ടി കോർപ്പറേഷൻ സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശരാശരി 151 ദിവസം ജോലി നൽകിയിട്ടുണ്ട്.

(ബി) 1999-2000-ൽ കോർപ്പറേഷന് ഏകദേശം 126.36 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(സി) 1999-2000-ൽ സംസ്ഥാനത്തിന് കോർപ്പറേഷൻ 1291.056 മെ. ടൺ തോട്ടണ്ടി സംഭരിച്ചു. തോട്ടണ്ടിയുടെ സംഭരണവില മെട്രിക് ടണ്ണിന് ടാക്സ് കൂടാതെ ശരാശരി 47.14 രൂപയായിരുന്നു.

(ഡി) വിവരം ചുവടെ ചേർക്കുന്നു.

തീയതി	രാജ്യം	അളവ്	വില കിലോയ്ക്ക് (കടത്തുകൂലി ഉൾപ്പെടെ)
10-6-1999	ഗിനിസിസാവൊ	1613	55. 73
10-6-1999	"	4248	55. 53
10-6-1999	"	8574	56. 63
25-11-1999	മൊസാംബിക്ക്	2112. 3	55. 10
27-11-1999	"	3206. 1	52. 60
17-12-1999	"	2599. 6	54. 85
17-12-1999	ടാൻസാനിയ	2975	57. 38
17-12-1999	ടാൻസാനിയ	991. 5	58. 35
17-12-1999	ടാൻസാനിയ	1618. 1	56. 86
17-12-1999	ടാൻസാനിയ	976. 47	58. 35
17-12-1999	ടാൻസാനിയ	1594. 68	56. 77
17-12-1999	ടാൻസാനിയ	1385. 07	56. 77
17-12-1999	ടാൻസാനിയ	964. 00	56. 94
10-02-2000	"	1293	52. 26
10-02-2000	മൊസാംബിക്ക്	2600	46. 97

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ കിലോയ്ക്ക് 65 പൈസ ചെലവാകുന്നുണ്ട്.

(എഫ്) 1999-ൽ 80,000 മെട്രിക് ടണ്ണും 2000-ൽ 1,00,000 മെട്രിക് ടണ്ണും ആയിരുന്നു.

(ജി) 1291.056 മെ. ടൺ.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറിയിലെ തൊഴിൽദിനങ്ങൾ

159 (1425) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ 1996 മുതൽ ഓരോ കലണ്ടർ വർഷത്തിലും നടന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം വർഷംതിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികളിൽ 1996 മുതൽ ഓരോ കലണ്ടർ വർഷവും നടന്ന തൊഴിൽദിനങ്ങളുടെ എണ്ണം വർഷംതിരിച്ച് വെളിപ്പെടുത്തുമോ ;

(സി) കശുവണ്ടി വികസനകോർപ്പറേഷന്റെ 1-4-1996 മുതൽ 31-3-2000 വരെയുള്ള ഓരോ വർഷത്തേയും ലാഭനഷ്ടകണക്ക് വർഷംതിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിവരം താഴെകൊടുക്കുന്നു.

1996 - 18

1997 - 60

1998 - 80

1999 - 140

2000 - 200

(ബി) വിവരം താഴെകൊടുക്കുന്നു.

1996 - 40

1997 - 81

1998 - 40

1999 - 125

2000 - 73

LIBRARY ARCHIVES Kerala Legislative Assembly